"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 0070-01-102-99-00 Court Fine എന്ന വരവ് ശീർഷകത്തിൽ തെറ്റായി അടവാക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകിയും ഇതിനായി Drawing and Disbursing Officer-നെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1292/2026/RD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.04.2026 തീയതിയിലെ LR/3113/2026-IT CELL 3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ കുന്നംകുളം താലൂക്കിൽ വാഴക്കാല വില്ലേജിൽ കുന്നംകുളം ഫാമിലി കോടതി അർത്ഥനാധികാരിയുടെ RRC 2024/4614/08 നമ്പരായുള്ള കേസ്സിൽ പിരിവ് വന്നിട്ടുള്ള 42,000/- രൂപ ടി കോടതിയുടെ CrCD അക്കൗണ്ടിലേയ്ക്കോ ഡിമാൻഡ് ഡ്രാഫ്റ്റ് വഴിയോ കുന്നംകുളം ഫാമിലി കോടതിയിൽ അടവാക്കേണ്ടതിന് പകരം തെറ്റായി 17/10/2024 തീയതി KL022748232202425M നമ്പർ GRN പ്രകാരം 0070-01-102-99-00 എന്ന ശീർഷകത്തിൽ എറണാകുളം ജില്ലാ ട്രഷറിയിൽ ഒടുക്ക് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ 0070-01-102-99-00 Court Fine എന്ന ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുള്ള മേൽ പരാമർശിച്ച തുക ടി ഗവൺമെൻറ് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് കുന്നംകുളം ഫാമിലി കോടതിയിൽ അടവാക്കുന്നതിനായി 42,000/- രൂപ റീഫണ്ട് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നംകുളം ഫാമിലി കോടതിയുടെ CrCD അക്കൗണ്ടിലേയ്ക്ക് (No.799012000000448) അടവാക്കേണ്ടിയിരുന്നതും തെറ്റായി 0070-01-102-99-00 Court Fine എന്ന വരവ് ശീർഷകത്തിൽ അടവാക്കിയിട്ടുള്ളതുമായ 42,000/- രൂപ (നാല്പത്തിരണ്ടായിരം രൂപ) റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകിയും, ഇതിനായി എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ Drawing and Disbursing Officer-ഉം സ്പെഷ്യൽ തഹസിൽദാർ(ആർ.ആർ)-ഉം ആയ ശ്രീ. ഷനോജ് കുമാർ സി.ആർ (DDO Code: 111061B021)-നെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAM KUMAR C R
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (19.06.2026-ലെ വ്യയം-ഡി1/258/2026/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 08-07-2026 17:27:08

സെക്ഷൻ ഓഫീസർ